"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ജീവനക്കാര്യം - കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയിൽ 46 അധിക തസ്തികകൾ സൃഷ്ടിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആരോഗ്യ കുടുംബക്ഷേമ (ബി) വകുപ്പ്**

സ.ഉ.(കൈ) നം.103/2022/H&FWD തീയതി,തിരുവനന്തപുരം, 23-05-2022

പരാമർശം:-

1. കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് നടത്തിയ പ്രവൃത്തി 2019-ലെ പഠന റിപ്പോർട്ട്.
2. കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല രജിസ്ട്രാറുടെ 23.10.2020, 04.12.2020, 23.01.2021, 29.06.2021, 13.01.2022, 17.02.2022, 09.05.2022 എന്നീ തീയതികളിലെ 3210/2020/അഡ്മിൻ-പി&ഡി/ കേ.ആ.സ നമ്പർ കത്തുകൾ.

## ഉത്തരവ്

കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല 07/12/2009 നിലവിൽ വന്ന നാൾ മുതൽ സർവ്വകലാശാലയുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ ഉദ്യോഗസ്ഥരുടെ അഭാവം മൂലം ബുദ്ധിമുട്ടനേരിടുന്നുണ്ട്. പി.എസ്.സി വഴി നിയമിതരായ അസിസ്റ്റന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ് ജീവനക്കാരുടേയും ഡെപ്യൂട്ടേഷൻ വഴി നിയമിതരായ ഏതാനും ഉദ്യോഗസ്ഥരുടേയും ചുരുങ്ങിയ എണ്ണത്തിലുള്ള കരാർ ജോലിക്കാരുടെയും ദിവസ വേതനക്കാരുടെയും കഠിനമായ പരിശ്രമം മൂലമാണ് നിലവിൽ സർവ്വകലാശാലയുടെ ദൈനംദിന പ്രവർത്തനങ്ങൾ മുന്നോട്ട് പോകുന്നത്. കേരളത്തിലെ മെഡിക്കൽ വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്ന കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലയ്ക്കു കീഴിൽ 310 ൽ അധികം അഫിലിയേറ്റഡ് കോളേജുകളും 160 ൽപ്പരം കോഴ്സുകളും ഒരു ലക്ഷത്തിലധികം വിദ്യാർത്ഥികളും നിലവിലുണ്ട്. അയ്യായിരത്തോളം പരീക്ഷകൾ വിവിധ വിഭാഗങ്ങളിലായി ഓരോ വർഷവും നടത്തുന്നുണ്ട്. വ്യവസ്ഥാപിത കോഴ്സുകൾക്കു പുറമെ സ്പെഷ്യലൈസ്ഡ് കോഴ്സുകൾ ആരംഭിക്കുന്നതിനും ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനുമായി സ്ഥാപിതമായിട്ടുള്ള 3 സ്കൂളുകൾ , 8 സെന്ററുകൾ, സർവകലാശാല ജീവനക്കാരുടെയും അധ്യാപകരുടെയും പരിശീലനം ലക്ഷ്യമാക്കി പുതുതായി സ്ഥാപിതമായിട്ടുള്ള അക്കാഡമിക് സ്റ്റാഫ് കോളേജ് എന്നിവയുടെ പ്രവർത്തനം സുഗമമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് കൂടുതൽ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ ആവശ്യമാണ്.

മേൽ ആവശ്യകതകളുടെ അടിസ്ഥാനത്തിൽ കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയിൽ പരാമർശം ഒന്ന് പ്രകാരം ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് നടത്തിയ പ്രവൃത്തി പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർവ്വകലാശാലയിൽ 335 അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശ പരാമർശത്തിലെ കത്തുകൾ പ്രകാരം കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല രജിസ്ട്രാർ ലഭ്യമാക്കിയിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയിൽ വിവിധ വിഭാഗങ്ങളിലായി താഴെപ്പറയും പ്രകാരം 46 അധിക തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ. നം | തസ്തികയുടെ പേര് | തസ്തികകളുടെ എണ്ണം | ശമ്പള സ്കെയിൽ |
|---|---|---|---|
| 1 | സെക്ഷൻ ഓഫീസർ | 7 | 51400-110300 |
| 2 | അസിസ്റ്റന്റ് | 28 | 39300-83000 |
| 3 | കംപ്യൂട്ടർ അസിസ്റ്റന്റ് | 11 | 27900-63700 |
| | ആകെ | 46 | |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാജൻ നാംദേവ് ഖൊബ്രഗഡെ
പ്രിൻസിപ്പൽ സെക്രട്ടറി

രജിസ്ട്രാർ, കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല, തൃശ്ശൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം.നം.741 തീയതി 18.05.2022)
ധനകാര്യ വകുപ്പ് ( 31.03.2022 ലെ 102958/HLT-ബി1/173/2015/FIN പ്രകാരം)
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

**Signed by Rajesh G.s**
**Date: 24-05-2022 10:39:16**

സെക്ഷൻ ഓഫീസർ

പകർപ്പ്- ആരോഗ്യവും വനിതാ ശിശുവികസനവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 18-05-2022

ഫയൽ നം. ബി1/432/2019/ഹെൽത്ത്. ഇനം നം: 741

വിഷയം : ആരോഗ്യ-കുടുംബക്ഷേമ വകുപ്പ് - കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലയിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആരോഗ്യ-കുടുംബക്ഷേമ വകുപ്പ്.

741

# കേരള സർക്കാർ
## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | ബി1/432/2019/ഹെൽത്ത് |
| 2. | വകുപ്പ് | : | ആരോഗ്യ കുടുംബക്ഷേമ (ബി) വകുപ്പ് |
| 3. | വിഷയം | : | ആ.കു.വ - കേരള ആരോഗ്യശാസ്ത്ര സർവകലാശാലയിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നത് - സംബന്ധിച്ച് |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 23.04.2022 |
| 5 | 1) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ;<br>2) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | അതെ<br>ഉണ്ട്.<br>ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീ. ദിലീപ്.സി.ഡി. |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. ആഷാ തോമസ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 11.05.2022 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | | ഡോ.വി.പി.ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 16.05.2022 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീമതി.വീണാ ജോർജ്ജ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 16.05.2022 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 17.05.2022 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും | : | |

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലയിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് നടത്തിയ പ്രവൃത്തി പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലയിൽ നിലവിലുള്ള 291 തസ്തികകൾക്ക് പുറമെ പുതുതായി 335 അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശ സർവ്വകലാശാല ലഭ്യമാക്കിയിരുന്നു. ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ ബജറ്റ് പ്രഖ്യാപനത്തോട് അനുബന്ധിച്ച് ആരോഗ്യ വകുപ്പിന് അനുവദിച്ച 3000 തസ്തികകളിൽ ഉൾപ്പെടുത്തി കേരള ആരോഗ്യ സർവകലാശാലയിൽ 148 സ്ഥിരം തസ്തികകളും 15 താത്കാലിക തസ്തികകളും അനുവദിക്കുന്നതിന് ധനകാര്യ വകുപ്പ് അനുമതി നൽകിയിരുന്നു. എന്നാൽ, ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് അനുവദിച്ച 3000 തസ്തികകൾ ആരോഗ്യ വകുപ്പ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, ആയുഷ് വകുപ്പ് എന്നിവയ്ക്ക് നേരത്തേ അനുവദിച്ചിരുന്നതിനാൽ, 3000 തസ്തികകളിൽ ഉൾപ്പെടുത്തി 148 സ്ഥിരം തസ്തികകൾ കേരള ആരോഗ്യ സർവകലാശാലയിൽ സൃഷ്ടിക്കുവാൻ സാധിക്കുമായിരുന്നില്ല. അതിനാൽ, അഭിപ്രായം പുനഃപരിശോധിക്കാൻ ധനകാര്യ വകുപ്പിനോട് ആവശ്യപ്പെടുകയുണ്ടായി അതിന്മേൽ ധനകാര്യ വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി

*അടിയന്തരമായി ആവശ്യമുള്ള തസ്തികകൾ മാത്രം ഉൾപ്പെടുത്തി നിർദ്ദേശം സമർപ്പിക്കുവാൻ ഭരണ വകുപ്പിനോട് അഭ്യർത്ഥിക്കുന്നു*

*ഇതിനു ബഹു . ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരം ഉണ്ട്."*

3. തുടർന്ന്, താഴെപ്പറയും പ്രകാരം 132 സ്ഥിരം തസ്തികകളും 15 താല്ക്കാലിക തസ്തികകളും സൃഷ്ടിക്കുന്നതിനുള്ള പുതുക്കിയ ശിപാർശ കേരള ആരോഗ്യ സർവകലാശാല രജിസ്ട്രാർ സമർപ്പിച്ചിരുന്നു.

| നം | തസ്തികയുടെ പേര് | ധനകാര്യ വകുപ്പ് അനുവദിച്ചിരുന്ന തസ്തികകളുടെ എണ്ണം | ഇപ്പോൾ അവശ്യപ്പെട്ടിട്ടുള്ള തസ്തികകളുടെ എണ്ണം |
|---|---|---|---|
| 1 | പ്രൊഫസർ | 8 | 8 |
| 2 | അസോസിയേറ്റ് പ്രൊഫസർ | 16 | 16 |
| 3 | അസിസ്റ്റന്റ് പ്രൊഫസർ | 44 | 32 |
| 4 | പരീക്ഷാ ഡെപ്യൂട്ടി കൺട്രോളർ | 1 | 1 |
| 5 | ഡെപ്യൂട്ടി രജിസ്ട്രാർ | 1 | 1 |
| 6 | അസിസ്റ്റന്റ് രജിസ്ട്രാർ | 3 | 3 |
| 7 | നെറ്റ് വർക്ക് & സിസ്റ്റം അഡ്മിനിസ്ട്രേറ്റർ | 1 | 1 |
| 8 | സെക്ഷൻ ഓഫീസർ | 7 | 7 |
| 9 | ഓഫീസ് സൂപ്രണ്ട് | 1 | 1 |
| 10. | റിസർച്ച് അസിസ്റ്റന്റ് | 1 | 1 |
| 11. | ജൂനിയർ പ്രോഗ്രാമർ | 3 | 3 |
| 12 | അസിസ്റ്റന്റ് | 28 | 38 |
| 13 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 2 | 2 |
| 14 | കംപ്യൂട്ടർ അസിസ്റ്റന്റ് | 21 | 11 |
| 15 | ലൈബ്രറി അസിസ്റ്റന്റ് | 2 | 2 |
| 16 | ക്ലറിക്കൽ അസിസ്റ്റന്റ് | 4 | 0 |
| 17 | അറ്റൻഡർ | 5 | 5 |
| 18 | ഓഫീസ് അറ്റൻഡന്റ് (ദിവസവേതന വ്യവസ്ഥയിൽ) | 15 | 15 |
| | ആകെ | സ്ഥിരം തസ്തിക 148 താത്കാലിക തസ്തിക 15 | സ്ഥിരം തസ്തിക 132 താത്കാലിക തസ്തിക 15 |

4. കേരള ആരോഗ്യ സർവകലാശാല രജിസ്ട്രാറുടെ ശിപാർശയിന്മേൽ ധനകാര്യ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി-

"ആരോഗ്യശാസ്ത്ര സർവകലാശാലയിൽ ചുവടെ പറയുന്ന തസ്തികകൾ സൃഷ്ടിക്കുന്നതിനു ധനവകുപ്പ് അനുമതി നല്കുന്നു.

| ക്രമ. നം. | തസ്തികയുടെ പേര് | എണ്ണം |
|---|---|---|
| 1 | സെക്ഷൻ ഓഫീസർ | 7 |
| 2 | അസിസ്റ്റന്റ് | 28 |
| 3 | കംപ്യൂട്ടർ അസിസ്റ്റന്റ് | 11 |
| | ആകെ | 46 |

ഇതിന് ബഹു.ധനകാര്യ വകുപ്പ മന്ത്രിയുടെ അംഗീകാരം ഉണ്ട് ."

5. ധനകാര്യ വകുപ്പ് അനുമതി നൽകിയ പ്രകാരം അധിക തസ്തികകൾ സൃഷ്ടിക്കുന്നത് മുഖേന പ്രതിവർഷം ഏകദേശം 2,35,37,772/- രൂപയുടെ (രണ്ട് കോടി മുപ്പത്തഞ്ച് ലക്ഷത്തി മുപ്പത്തേഴായിരത്തി എഴുനൂറ്റി എഴുപത്തി രണ്ട് രൂപ മാത്രം) അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നതാണ്. എന്നാൽ ശമ്പള ഇനത്തിലുള്ള ചെലവുകളിൽ 81.18% വും സർവകലാശാലയുടെ സ്വന്തം ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനാൽ അധിക തസ്തിക സൃഷ്ടിക്കുന്നതുവഴി സർക്കാരിന് കൂടുതൽ അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നില്ല.

6. ധനകാര്യ വകുപ്പ് അനുമതി നൽകിയ പ്രകാരം കേരള ആരോഗ്യശാസ്ത്ര സർവകലാശാലയിൽ 46 അധിക തസ്തികകൾ (സെക്ഷൻ ഓഫീസർ-7, അസിസ്റ്റന്റ്-28,

കംപ്യൂട്ടർ അസിസ്റ്റന്റ്-11) സൃഷ്ടിക്കാമോ എന്ന വിഷയത്തിൽ ഉത്തരവിനായി ഫയൽ ചംക്രമണം ചെയ്തപ്പോൾ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവിടുകയുണ്ടായി.

**തീരുമാനിക്കേണ്ട വിഷയം**

ധനകാര്യ വകുപ്പിന്റെ അനുമതിയുടെ അടിസ്ഥാനത്തിൽ കേരള ആരോഗ്യശാസ്ത്ര സർവകലാശാലയിൽ താഴെ പറയുന്ന അധിക തസ്തികകൾ സൃഷ്ടിക്കാമോ ?

| ക്രമനം | തസ്തികയുടെ പേര് | എണ്ണം |
|---|---|---|
| 1 | സെക്ഷൻ ഓഫീസർ | 7 |
| 2 | അസിസ്റ്റന്റ് | 28 |
| 3 | കംപ്യൂട്ടർ അസിസ്റ്റന്റ് | 11 |
| **ആകെ** | | 46 |